**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് –കുടുംബശ്രീ– 2012–13 വർഷത്തെ മികച്ച സിഡിഎസ്സുകളുടെ തെരഞ്ഞെടുപ്പ് – പരിഷ്കരിച്ച മാർഗ്ഗരേഖയ്ക്കും, ഗ്രേഡിംഗ് സൂചികങ്ങൾക്കും അംഗീകാരം നൽകിയും, അവാർഡ് നിർണയ കമ്മിറ്റിയും രൂപീകരിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു..

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 1197/2013/തസ്വഭവ. തിരുവനന്തപുരം, തീയതി, 04/05/2013.

---

പരാമർശം (1) സ.ഉ (സാധാ) നമ്പർ 1725/2011/ത.സ്വ.ഭ.വ തീയതി 19/07/2011
(2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/04/2013–ലെ കെ.എസ്./എ്ം/2429/2011 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം രണ്ടിലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2012–13 സാമ്പത്തിക വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വച്ചിട്ടുള്ള ജില്ലാ തലത്തിലെ അഞ്ച് സിഡിഎസ്സുകൾക്കും, സംസ്ഥാന തലത്തിലെ പത്ത് സിഡിഎസ്സുകൾക്കും (അഞ്ച് നഗര സിഡിഎസ്സുകൾക്കും, അഞ്ച് ഗ്രാമ സിഡിഎസ്സുകൾക്കും) ക്യാഷ് അവാർഡ് നൽകുന്നതിന് അനുമതി നൽകികൊണ്ടും, ജില്ലാ സംസ്ഥാന തലങ്ങളിലെ അവാർഡ് നിർണയത്തിനും, മികച്ച സിഡിഎസ്സുകളുടെ തെരഞ്ഞെടുപ്പിനുമായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരമുള്ള കമ്മിറ്റികൾക്ക് രൂപം നൽകിക്കൊണ്ട് ഉത്തരവാകുന്നു:

**<u>സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി</u>**

1) പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് - ചെയർമാൻ
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ - കൺവീനർ
3) കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്
4) ഡയറക്ടർ, നഗരകാര്യ വകുപ്പ്
5) മിഷൻ ഡയറക്ടർ, എംഎൻആർഇജിഎസ്
6) പ്രതിനിധി, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി.
7) പ്രതിനിധി, നബാർഡ്
8) പ്രതിനിധി, ഗ്രാമ പഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറിയുടെ
9) പ്രതിനിധി, മുൻസിപ്പൽ ചെയർമാന്മാരുടെ ചേംബർ സെക്രട്ടറിയുടെ
10) പ്രതിനിധി, കുടുംബശ്രീ ഗവേണിംഗ് ബോഡി

**<u>ജില്ലാ തല അവാർഡ് നിർണയ കമ്മിറ്റി</u>**

1) ചെയർമാൻ, ജില്ലാ ആസൂത്രണ സമിതി
2) ജില്ലാ കളക്ടർ
3) കോ–ഓർഡിനേറ്റർ, കുടുംബശ്രീ, ജില്ലാ മിഷൻ
4) ജില്ലാ സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ
5) പ്രോജക്ട് ഓഫീസർ, ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്
6) ഓഫീസർ, ജില്ലാ ലീഡ് ബാങ്ക്
7) ഡെപ്യൂട്ടി ജനറൽ മാനേജർ, നബാർഡ്
8) ജില്ലയിലെ ചുമതലയുള്ള ഗവേണിംഗ് ബോഡി അംഗം
(പുതുതായി കൂട്ടിച്ചേർത്തത്)

(2) ജില്ലാ തല അവാർഡ് കരസ്ഥമാക്കുന്ന സിഡിഎസ്സുകൾക്ക് 75,000/- രൂപ വീതവും (എഴുപത്തി അയ്യായിരം രൂപ മാത്രം), സംസ്ഥാനതല അവാർഡ് കരസ്ഥമാക്കുന്ന സിഡിഎസ്സുകൾക്ക് 2,75,000/- രൂപ (രണ്ടു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപാ മാത്രം) വീതവും ക്യാഷ് അവാർഡ് നൽകുന്നതാണ്. അവാർഡ്

നിർണയത്തിനായി ഇതോടൊപ്പം അനുബന്ധം ഒന്ന് മുതൽ നാലുവരെയായി ചേർത്തിരിക്കുന്ന മാർഗരേഖയും, ഗ്രേഡിങ് മാനദണ്ഡങ്ങളും അംഗീകരിച്ചുകൊണ്ടും ഉത്തരവാകുന്നു. അവാർഡ് വിതരണത്തിന് ആവശ്യമായ തുക കുടുംബശ്രീയുടെ സംഘടനാ ശാക്തീകരണ ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**ജെ. സ്റ്റാൻലി**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യുട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽബിഎ), കേരളം, തിരുവനന്തപുരം
അവാർഡ് നിർണയ കമ്മിറ്റി അംഗങ്ങൾക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖാന്തിരം)
ഡയറക്ടർ,. ഇൻഫർമേഷൻ കേരളാ മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (തസ്വഭ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്:- പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**അനുബന്ധം 1**

**1)സിഡിഎസുകളിൽ നിന്നും അപേക്ഷ ക്ഷണിക്കൽ**

1. മികച്ച സിഡിഎസ് തെരഞ്ഞെടുപ്പിന് പരിഗണിക്കുന്നതിനായി സിഡിഎസിൽ നിന്നും നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷകൾ ക്ഷണിക്കേണ്ടതാണ്. അപേക്ഷാ ഫോറത്തിന്റെ മാതൃക അനുബന്ധം 2 ൽ ചേർക്കുന്നു.
2. അപേക്ഷാ ഫോറം എല്ലാ സിഡിഎസുകൾക്കും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാമിഷൻ സ്വീകരിക്കണം.
3. സിഡിഎസ് തെരഞ്ഞെടുപ്പ് മാർഗ്ഗരേയിൽ നിർണ്ണയിച്ചിട്ടുള്ള ഗ്രേഡിംഗ് സൂചകങ്ങൾക്കും, പ്രവർത്തനഘടകങ്ങൾക്കും അനുസൃതമായാണ് അപേക്ഷാ ഫോറം ചിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഗ്രേഡിഗ് മാനദണ്ഡങ്ങളിലെ ചില ഘടകങ്ങൾ ഉദാ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി സംയോജനം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിവിധ ഘടക - ഉപ പദ്ധതികളുമായുള്ള സംയോജന വിശദാംശങ്ങൾ തുടങ്ങിയ വിവരങ്ങൾ അപേക്ഷാ ഫോറത്തിൽ ഉൾപ്പെടുന്നില്ല.. ഈ വിശദാംശങ്ങൾ ബന്ധപ്പെട്ട സിഡിഎസിന്റെ ആക്ഷൻ പ്ലാനും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക കർമ്മപദ്ധതിയും പരിശോധിച്ച് വിലയിരുത്തിയ ശേഷം ജില്ലാമിഷൻ തന്നെ മാർക്ക് നിശ്ചയിച്ചു നൽകേണ്ടതാണ്. കൃത്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലിയാരിക്കണം മാർക്ക് നൽകേണ്ടത്.
4. അപേക്ഷാ ഫോറം എല്ലാ സിഡിഎസുകൾക്കും ലഭ്യമാക്കേണ്ടതാണ്. അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ട വിധവും, മാർഗ്ഗവും എല്ലാ സിഡിഎസുകൾക്കും വിശദീകരിച്ചു നൽകണം. ഇതിനായി എല്ലാ സിഡിഎസ് ചെയർപേഴ്സൺമാരുടെ/മെമ്പർ സെക്രട്ടറിമാരുടേയും ഒരു മീറ്റിംഗ് വിളിച്ചുചേർക്കേണ്ടതാണ്.
5. അപേക്ഷാ ഫോറം സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ജില്ലാമിഷന് നിശ്ചയിക്കാവുന്നതാണ്.
6. സിഡിഎസിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ജില്ലാമിഷൻ കോ- ഓർഡിനേറ്റർ സൂക്ഷമ പരിശോധന നടത്തണം. വിശദാംശങ്ങളിൽ എന്തെങ്കിലും അവ്യക്തതകളോ, പോരായ്മകളോ ഉണ്ടെങ്കിൽ സിഡിസുമായി ബന്ധപ്പെട്ട് അവ നിവാരണം ചെയ്യണം.
7. മാർഗ്ഗ രേഖയിൽ നിർണ്ണയിച്ചിട്ടുള്ള മാനദണ്ങ്ങൾക്കും, ഗ്രേഡിംഗ് സൂചകങ്ങൾക്കും അനുസൃതമായി സിഡിഎസിന്റെ അപേക്ഷാ ഫോറത്തിലുള്ള ഓരോ പ്രവർത്തന ഘടകത്തിനും ജില്ലാമിഷൻ മാർക്ക് നൽകേണ്ടതാണ്. ഇപ്രകാരം എല്ലാ സിഡിഎസുകളുടെയും മാർക്ക് നിർണ്ണയ പ്രക്രിയ പൂർത്തീകരിച്ചു കഴിഞ്ഞാൽ സിഡിഎസുകളുടെ ക്രോഡീകൃത മാർക്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
8. ഈ മാർക്ക് ലിസ്റ്റിൽ നിന്നും കൂടുതൽ മാർക്ക് ലഭിക്കുന്ന കുറഞ്ഞത് 15 സിഡിഎസുകളോ 25 ശതമാനമോ ഏതാണോ കൂടുതൽ അത്രയും എണ്ണം സിഡിഎസുകളെ ഉൾപ്പെടുത്തി അവാർഡ് നിർണ്ണയത്തിനുള്ള ഒരു പ്രാഥമിക ഷോർട്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
9. ഇപ്രകാരം ഷോർട്ട് ലിസ്റ്റ് ചെയ്ത സിഡിഎസുകളുടെ വിശദാംശങ്ങൾ ജില്ലയിലെ എല്ലാ സിഡിഎസുകൾക്കും നൽകണം.

**2)പ്രത്യേക Peer group രൂപീകരണം.**

മേൽ സൂചിപ്പിച്ച നടപടിക്രമങ്ങൾ പ്രകാരം തയ്യാറാക്കുന്ന ഷോർട്ട് ലിസ്റ്റിൽ നിന്നും ജില്ലാ തലത്തിലുള്ള പ്രത്യേക അവാർഡ് നിർണ്ണയ കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനായി 10 സിഡിഎസുകളെ തെര

ഞ്ഞെടുക്കേണ്ടതാണ്.. ഇതിനായി പ്രത്യേക peer group കൾക്ക് രൂപം നൽകേണ്ട താണ്.

## 3)Peer group ന്റെ ഘടന

പ്രാഥമിക ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുന്ന സിഡിഎസുകളിലെ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, ഉപ സമിതി കൺവീനർമാർ എന്നിവരുൾപ്പെടുന്നതാണ് പിയർ ഗ്രൂപ്പ് Peer group വിലയിരുത്തൽ നടപടിക്രമങ്ങൾ നേരിൽ കാണുന്നതിനും, നിരീക്ഷിക്കുന്നതിനും താൽപര്യമുള്ള മറ്റ് സിഡിഎസുകൾക്കും അവസരം നൽകണം. ഇത് മറ്റു സിഡിഎസ്സുകൾക്ക് ഒരു പഠനാവസരമാകും. ഈ സിഡിഎസുകളിൽ നിന്നുള്ള രണ്ട് പ്രതിനിധികളെ വീതം പിയർ ഗ്രൂപ്പ് മീറ്റിംഗിൽ പങ്കെടുപ്പിക്കേണ്ടതാണ്. ഈ പ്രതിനിധികളുടെ വിശദാംശങ്ങൾ സിഡിഎസ് നിശ്ചയിച്ച് പിയർ ഗ്രൂപ്പ് മീറ്റിംഗിന്റെ 3 ദിവസം മുൻപെങ്കിലും ജില്ലാമിഷനെ അറിയിച്ചിരിക്കേണ്ടതാണ്.

## 4)Peer group മീറ്റിംഗിന്റെ നടപടിക്രമങ്ങൾ

### a)സംഘാടനം

1. പിയർ ഗ്രൂപ്പ് മീറ്റിംഗിന്റെ സമയവും, വേദിയും ജില്ലാമിഷൻ നിശ്ചയിക്കേണ്ടതാണ്.
2. പിയർ ഗ്രൂപ്പിന്റെ വിലയിരുത്തൽ നപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന് സയമ ദൈർഘ്യം വേണ്ടിവരുമെന്നതിനാൽ റെസഡിൻഷ്യൽ ക്യാമ്പ് രൂപത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നതാവും ഉചിതം. ഇതിന് അനുയോജ്യമായ വേദിയും, സ്ഥലവും പിയർ ഗ്രൂപ്പ് മീറ്റിംഗിനായി തെരഞ്ഞെടുക്കേണ്ടതാണ്.
3. പിയർ ഗ്രൂപ്പ് നടപടിക്രമങ്ങളും, ചർച്ചയും, എല്ലാ അംഗങ്ങൾക്കും സുഗമമായി കാണുന്നതിനും, മനസ്സിലാക്കുന്നതിനും, സാധിക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങൾ വേദിയിൽ ഏർപ്പെടുത്തേണ്ടതാണ്.
4. അനുയോജ്യമായ ശബ്ദ സജ്ജീകരണങ്ങളും, അവതരണ സംവിധാനങ്ങളും വേദിയിൽ ഉറപ്പുവരുത്തേണ്ടതാണ്
5. മറ്റ് സിഡിഎസുകളിലെ പ്രതിനിധികൾക്കായി പ്രത്യേക ഇരിപ്പിട സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്...

### b)മീറ്റിംഗ് അറിയിപ്പ്

പിയർ ഗ്രൂപ്പ് മീറ്റിംഗ് സംബന്ധിച്ച അറിയിപ്പ് മീറ്റിംഗിന്റെ 2 ദിവസം മുൻപെങ്കിൽ ബന്ധപ്പെട്ട സിഡിഎസിന് രേഖാമൂലം നൽകേണ്ടതാണ്. പിയർ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള മറ്റ് സിഡിഎസുകൾക്കും മീറ്റിംഗ് സംബന്ധിച്ച അറിയിപ്പ് നൽകണം.

c) peer grop മീറ്റിംഗ് നടപടിക്രമം - ഘട്ടം 1 - സിഡിഎസിന്റെ അവതരണം

1. പിയർ ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഒരോ സിഡിഎസിനും തങ്ങളുടെ സിഡിഎസിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അവതരണം നടത്തുന്നതിനും, വിശദീകരിക്കുന്നതിനും 15 മിനിട്ട് സമയം അനുവദിക്കേണ്ടതാണ്.
2. അവതരണം നടത്തേണ്ട പ്രതിനിധിയെ അതാത് സിഡിഎസിന്റെ പിയർ ഗ്രൂപ്പ് അംഗങ്ങൾ നിശ്ചയിക്കണം
3. കഴിഞ്ഞ സാമ്പത്തിക വർഷം സിഡിഎസ് മുഖേന നടത്തിയ പ്രധാന പ്രവർത്തനങ്ങൾ, പരിപാടികൾ, കുടുംബശ്രീയുടെ വിവിധ പദ്ധതികളുടെ ഭാഗമായി സിഡിഎസ് മുഖേന തദ്ദേശഭരണ പ്രദേശത്ത് ലഭ്യമാക്കിയ ആനുകൂല്യങ്ങൾ, സഹായങ്ങൾ, ഗുണഭോക്താക്കൾ എന്നിവയുടെ വിശദാംശങ്ങൾ, സിഡിഎസ് മുഖേന നടത്തിയ സവിശേഷ പ്രവർത്തനങ്ങൾ, നൂതനമായ പ്രോജക്ടുകൾ, വിജയകഥകൾ, അനുഭവ സാക്ഷ്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ അവതരണത്തിന്റെ ഭാഗമായി സിഡിഎസ് പ്രതിനിധി വിശദീകരിക്കേണ്ടതാണ്.
4. കഴിഞ്ഞ സാമ്പത്തിക വർഷത്തെ സിഡിഎസിന്റെ സാമ്പത്തിക- ഭൗതിക നേട്ടങ്ങളും, സവിശേഷ ഇടപെടലുകളും ഉൾക്കൊള്ളുന്ന ചെറിയ കുറിപ്പു

കളും, ലഘു ലേഖകളും പിയർ ഗ്രൂപ്പ് അംഗങ്ങൾക്ക് വിതരണം ചെയ്യാവുന്നതാണ്.

5. ഡോക്യുമന്ററി മാതൃകയിലുള്ള അവതരണങ്ങളും, ഹ്രസ്വ ചിത്രങ്ങളും സിഡിഎസിന് പ്രദർശിപ്പിക്കാവുന്നതാണ്. ഇതിനുയോജ്യമായ എൽസിഡി സംവിധാനംവും, സ്ക്രീനും കൂടി വേദിയിൽ സജ്ജീകരിക്കേണ്ടതാണ്.

**ഘട്ടം 2 അവതരണത്തെ അടിസ്ഥാനമാക്കിയുള്ള ചർച്ചയും, സംവാദവും**

1. ഒരു സിഡിഎസിന്റെ ആദ്യ ഘട്ട അവതരണം അവസാനിച്ചു കഴിഞ്ഞാൽ പ്രസുതുത അവതരണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചയും, സംവാദം, ചോദ്യോത്തരങ്ങൾ തുടങ്ങിയ പ്രക്രിയകൾ നടത്തേണ്ടതാണ്
2. സിഡിഎസിന്റെ പ്രവർത്തത്തെ സംബന്ധിച്ചുള്ള സംശയങ്ങൾ ഉന്നയിക്കുന്നതിനും, വസ്തുതകൾക്ക് വ്യക്തത വരുത്തുന്നതിനും 10 മിനിട്ട് സമയം പിയർ ഗ്രൂപ്പിന് അനുവദിക്കാം.
3. ഈ സമയപരിധിക്കുള്ളിൽ നിന്നും പിയർ ഗ്രൂപ്പ് അംഗങ്ങൾക്ക് സിഡിഎസിന്റെ പ്രവർത്തനത്തെ വസ്തുനിഷ്ഠമായി അവലോകനം ചെയ്യുന്നതിനും, വിലയിരുത്തുന്നതിനും ഉതകുന്ന ചോദ്യങ്ങൾ ഉന്നയിക്കുകയോ, വിവരങ്ങൾ ആരായുകയോ ചെയ്യാവുന്നതാണ്.
4. സിഡിഎസിന്റെ അവതരണത്തിൽ വസ്തുതാപരമായ എന്തെങ്കിലും, പോരായ്മകളോ, പൊരുത്തക്കേടുകളോ ഉണ്ടെങ്കിൽ വ്യക്തമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പിയർ ഗ്രൂപ്പ് അംഗങ്ങൾക്ക് അവ ചൂണ്ടിക്കാണിക്കുകയും, ആ ഘടകങ്ങൾ കൂടുതൽ വ്യക്തത വരുത്തുന്നതിനും ആവശ്യപ്പെടാവുന്നതാണ്.
5. കൂടാതെ ഓപ്പൺ ഫോറത്തിൽ ചോദ്യങ്ങൾ ഉന്നയിക്കുന്നതിനും, അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും മറ്റ് സിഡിഎസ് പ്രതിനിധികൾക്ക് 5 മിനിട്ട് സമയം നൽകാവുന്നതാണ്.
6. അവതരണത്തേയും, തുടർന്നുള്ള ചർച്ചയുടേയും അടിസ്ഥാനത്തിലുള്ള സിഡിഎസിന്റെ പ്രകടനം വിലയിരുത്തുന്നതിനും, മാർക്ക് രേഖപ്പെടുത്തുന്നതിനും പിയർ ഗ്രൂപ്പിൽ ഉൾപ്പെടുന്ന ഒരോ സിഡിഎസിനും നിർദ്ദിഷ്ട മാതൃകയിലുള്ള പ്രത്യേക വിലയിരുത്തൽ ഷീറ്റുകൾ നൽകേണ്ടതാണ്. വിലയിരുത്തൽ ഫോറത്തിന്റെ മാതൃക അനുബന്ധം 3 ൽ ചേർത്തിരിക്കുന്നു.

**മാർക്ക് നിശ്ചയിക്കുന്ന രീതി**

1. ഒരു സിഡിഎസിലെ പിയർ ഗ്രൂപ്പ് അംഗങ്ങൾ പരസ്പരം കൂടിയാലചന നടത്തി വേണം സിഡിഎസുകൾക്ക് നൽകേണ്ട മാർക്ക് നിശ്ചയിക്കേണ്ടത്.
2. ഒരു സിഡിഎസിന് നൽകാവുന്ന പരമാവധി മാർക്ക് 25 ആയിരിക്കും
3. സിഡിഎസി പ്രതിനിധിയുടെ അവതരണത്തിന്റേയും, തുടർന്ന് നടക്കുന്ന വിലയിരുത്തലിന്റേയും അടിസ്ഥാനത്തിൽ ഏറ്റവും ശ്രദ്ധേയമെന്ന് പിയർ ഗ്രൂപ്പ് അംഗങ്ങൾക്ക് ബോധ്യപ്പെടുന്ന 5 പ്രവർത്തനങ്ങൾക്ക്, ഓരോ പ്രവർത്തനത്തിനും 5 മാർക്ക് വീതം, പരമാവധി 25 മാർക്ക് വരെ ഒരോ സിഡിഎസിനും നൽകാവുന്നതാണ്..
4. വിലയിരുത്തൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ പിയർ ഗ്രൂപ്പിന്റെ മാർക്കുകൾ കൂടി തിട്ടപ്പെടുത്തി അന്തിമ മാർക്ക് വിവര പട്ടിക ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തയ്യാറാക്കണം.
5. ഇങ്ങനെ തയ്യറാക്കുന്ന മാർക്ക് പട്ടികയുടെ കോപ്പി എല്ലാ സിഡിഎസുകൾക്കും നൽകേണ്ടതാണ്.
6. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന എറ്റവും കൂടുതൽ മാർക്ക് നേടുന്ന 10 സിഡിഎസുകളെ ഷോർട്ട് ലിസ്റ്റ് ചെയ്ത് ജില്ലാ തല പ്രത്യേക അവാർഡ് നിർണ്ണയ കമ്മറ്റിക്ക് നൽകേണ്ടതാണ്. ജില്ലാ തല അവാർഡ് നിർണ്ണയ കമ്മറ്റിക്ക് നൽകേണ്ട ഷോർട്ട് ലിസ്റ്റിന്റെ മാതൃക അനുബന്ധം 4 ൽ ചേർത്തിരിക്കുന്നു.

**പിയർ ഗ്രൂപ്പ് വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള മാർക്ക് നിർണ്ണയ രീതിയും, ശരാശരി മാർക്ക് നിശ്ചയിക്കുന്ന വിധവും.** ഓരോ പിയർ ഗ്രൂപ്പ് അംഗത്തിനും നിർദ്ദിഷ്ട മാതൃകയിലുള്ള പ്രത്യേക മാർക്ക് ഷീറ്റ് നൽകണം. സിഡി

എസ് അവതരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധേയമെന്ന് പിയർ ഗ്രൂപ്പ് പ്രതിനിധി വിലയിരുത്തുന്ന 5 പ്രവർത്തനങ്ങൾക്ക്, ഓരോ പ്രവർത്തനത്തിനും 5 മാർക്ക് വീതം, പരമാവധി 25 മാർക്ക് വരെ ഓരോ സിഡിഎസിനും നൽകാവുന്നതാണ്. എന്നാൽ സ്വന്തം സിഡിഎസിന് മാർക്ക് നൽകേണ്ടതില്ല. **ഈ പ്രക്രിയ പൂർത്തീകരിച്ചു കഴിഞ്ഞാൽ പീയർ ഗ്രൂപ്പ് വിലയിരുത്തൽ പ്രകാരം ഓരോ സിഡിഎസിനും ലഭിച്ച ശരാശരി മാർക്ക് നിർണ്ണയിക്കേണ്ടതാണ്.** ഇതിനായി ചുവടെ **ചേർക്കുന്ന രീതി അനുവർത്തിക്കേണ്ടതാണ്. പിയർ ഗ്രൂപ്പ് വിലയിരുത്തൽ പ്രകാരം ആകെ ലഭിച്ച മാർക്കിനെ പിയർ ഗ്രൂപ്പിൽ ഉൾപ്പെടുന്ന സിഡിഎസുകളുടെ എണ്ണം കൊണ്ട് ഹരിച്ചുവേണം ശരാശരി മാർക്ക് നിശ്ചയിക്കേണ്ടത്.**

ഇതിനുസൃതമായി സിഡിഎസിന്റെ അന്തിമ മാർക്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പ്രാഥമിക ഷോർട്ട് ലിസ്റ്റ് പ്രകാരം സിഡിഎസിന് ലഭിച്ച മാർക്കിന്റെ കൂടെ പിയർ ഗ്രൂപ്പ വിലയിരുത്തൽ പ്രകാരം ലഭിച്ച ശരാശരി മാർക്ക് കൂടി കണക്കിലെടുത്ത് വേണം സിഡിഎസിന്റെ അന്തിമ മാർക്ക് നിശ്ചയിക്കേണ്ടത്. ഇതിൽ നിന്നും ആദ്യ 10 സ്ഥാനങ്ങളിൽ വരുന്നവരുടെ ലിസ്റ്റ് വേണം ജില്ലാ തല അവാർഡ് നിർണ്ണയ കമ്മറ്റിക്ക് നൽകേണ്ടത്.

**ജില്ലാ തല അവാർഡ് നിർണ്ണയകമ്മറ്റി ചുവടെ ചേർക്കുന്നു**

1. ജില്ലാ ആസൂത്രണ സമിതി ചെയർമാൻ
2. ജില്ലാ കളക്ടർ
3. ജില്ലാമിഷൻ കോഡിനേറ്റർ
4. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടി
5. ജില്ലാ ചുമതലയുള്ള കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം
6. ജില്ലാ ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് പ്രോജക്ട് ഓഫീസർ
7. ലീഡ് ബാങ്ക് ഓഫീസർ
8. നബാർഡ് ഡിജിഎം.

ജില്ലാ തല അവാർഡ് നിർണ്ണയ കമ്മറ്റി മീറ്റിംഗിൽ പരിഗണിക്കേണ്ട ഘടകങ്ങൾ

1. ജില്ലാ മിഷൻ നൽകുന്ന ഷോർട്ട് ലിസ്റ്റിൽ നിന്നും 5 മികച്ച സിഡിഎസുകളെ ജില്ലാ തല അവാർഡ് നിർണ്ണയ കമ്മറ്റി തെരഞ്ഞെടുക്കേണ്ടത്
2. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നൽകുന്ന ഷോർട്ട് ലിസറ്റിൽ ഉൾപ്പെട്ട സിഡിഎസുകളുമായി പ്രത്യേകം അഭിമുഖം ജില്ലാ തല അവാർഡ് നിർണ്ണയ സമിതി നടത്തേണ്ടതാണ്.
3. ജില്ലാ തല അവാർഡ് നിർണ്ണയത്തിനായി ഷോർട്ട് ലിസ്റ്റ് ചെയ്തുട്ടുള്ള സിഡിഎസുകളുടെ അപേക്ഷാ ഫോറം ഒന്നു കൂടി വിശദമായി പരിശോധിക്കുകയും, സർക്കാർ മാർഗ്ഗരേഖയിൽ അനുശാസിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും, ഗ്രേഡിംഗ് സൂചകങ്ങൾക്കും അനുസൃതമായാണ് പ്രാഥമിക മാർക്ക് നിർണ്ണയം നടത്തിയതെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
4. സിഡിഎസിന്റെ അപേക്ഷാ ഫോറത്തിലൂടെ ലഭിക്കുന്ന വിശദാംശങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനും, ഉറപ്പുവരുത്തുന്നതിനും, സാധൂകരിക്കുന്നതിനും ആവശ്യമായ രേഖകളും, വിശദാംശങ്ങളും, റിപ്പോർട്ടുകളും ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ജില്ലാ തല അവാർഡ് നിർണ്ണയ സമിതിക്ക് ലഭ്യമാക്കേണ്ടതാണ്.
5. സിഡിഎസുമായി നടത്തുന്ന പ്രത്യേക അഭിമുഖ സംഭാഷണത്തിലോ, രേഖകളുടെ സൂക്ഷ പരിശോധനാ വേളയിലോ വസ്തുതാപരമായ എന്തെങ്കിലും തെറ്റുകളോ, പോരായ്മകളോ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത സിഡിഎസിന്റെ അവസ്ഥാവിശേഷം നേരിൽ കണ്ട് വിലയിരുത്തിയ ശേഷം അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതാണ്.
6. മാർഗ്ഗരേഖയിലെ ഗ്രേഡിംഗ് സൂചകങ്ങൾക്കും, മാനദണ്ഡങ്ങൾക്കും അനുസൃതമായി സിഡിഎസിന് ലഭിച്ച മാർക്ക്, Peer group റിവ്യൂ പ്രകാരം ലഭിച്ച മാർക്ക്, സിഡിഎസുമായി പ്രത്യേക അഭിമുഖം, രേഖകളുടേയും, മറ്റ് വിശദാംശങ്ങളുടേയും പരിശോധന എന്നിവയിലൂടെ ആദ്യത്തെ 5 സ്ഥാനങ്ങളിലേക്കുള്ള സിഡിഎസുകളെ തെരഞ്ഞെടുക്കേണ്ടതാണ്. ഒപ്പം

ഇവയെ തെരഞ്ഞെടുക്കാനുള്ള ന്യായീകരണങ്ങൾ കൂടി തെരഞ്ഞെടുപ്പ് റിപ്പോർട്ടിനോടൊപ്പം രേഖപ്പെടുത്തേണ്ടതാണ്.

**സംസ്ഥാന തലത്തിലെ മികച്ച സിഡിഎസുകളുടെ തെരഞ്ഞെടുപ്പ്- അവാർഡ് നിർണ്ണയ രീതി – നടപടി ക്രമങ്ങൾ**

1. ജില്ലാ തലത്തിൽ തെരഞ്ഞെടുക്കുന്ന 5 മികച്ച സിഡിഎസുകളിൽ ആദ്യ രണ്ട് സ്ഥാനങ്ങളിൽ വരുന്നവരെയാണ് സംസ്ഥാന തല അവാർഡ് നിർണ്ണയത്തിനായി പരിഗണിക്കുന്നത്.
2. ഇതിനായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ ഓരോ ജില്ലയിലേയും ആദ്യ രണ്ട് സ്ഥാനങ്ങളിലുള്ള മികച്ച സിഡിഎസുക ളുടെ വിവരം, വിലയിരുത്തൽ ഫോറം, റിപ്പോർട്ട്, എന്നിവ **കുടും ബശ്രീ സംസ്ഥാനമിഷനിൽ 05-05-2013 തീയതിക്കു മുൻപായി** കുടുംബശ്രീ സംസ്ഥാനമിഷനിൽ ലഭ്യമാക്കേണ്ടതാണ്. ജില്ലാ തല അവാർഡ് നിർണ്ണയ പ്രക്രിയ ഇതിനനുസൃതമായി പൂർത്തീകരിക്കേ ണ്ടതാണ്.
3. സംസ്ഥാന തലത്തിലേക്ക് ശുപാർശ ചെയ്യുന്ന മികച്ച 2 സിഡിഎ സുകളുടെ അവസ്ഥാവിശേഷം നേരിട്ട് വിലയിരുത്തുന്നതിന് ജില്ലാ അവാർഡ് നിർണ്ണയ കമ്മറ്റിയുടെ ഒരു ഉപ സമിതിയുടെ നേതൃത്വ ത്തിൽ പ്രത്യേക ഫീൽഡ് പരിശോധന നടത്തേണ്ടതാണ്. നിർദ്ദിഷ്ട ഫീൽഡ് തല പരിശോധന റിപ്പോർട്ട് കൂടി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സംസ്ഥാനമിഷന് നൽകേണ്ടതാണ്

**നഗര സിഡിഎസുകളുടെ അവാർഡ് നിർണ്ണയം**

1. മികച്ച നഗരസഭാ സിഡിഎസുകളുടെ തെരഞ്ഞെടുപ്പ് സംസ്ഥാന തല അവാർഡ് കമ്മറ്റിയുടെ നേതൃത്വത്തിലാണ് നടത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്

2. നഗരസഭാ സിഡിഎസുകളുടെ അപേക്ഷ ജില്ലാമിഷൻ സ്വീക രിക്കുകയും, മാർഗ്ഗരേഖയിലെ ഗ്രേഡിംഗ് സൂചകങ്ങൾക്കും, മാനദ ണ്ഡങ്ങൾക്കും അനുസൃതമായി മാർക്കുകൾ നിർണ്ണയിക്കുകയും ചെയ്ത ശേഷം സിഡിഎസിന്റെ അപേക്ഷാ ഫോറവും, മാർക്ക് ഷീറ്റും **കുടുംബശ്രീ സംസ്ഥാനമിഷനിൽ 30-4-2013 തീയതിക്കു മുൻപായി** സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മറ്റിക്ക് നൽകേ ണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തനം | സ്ലാബ് | മാർക്ക് |
|---|---|---|---|
| 1. | **പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അയൽക്കൂട്ട പ്രവേശനം** | എസ്സി 100% | 3 |
| | | എസ്ടി 100% | 3 |
| | | ന്യൂനപക്ഷം 100% | 3 |
| | | തീരദേശം 100% | 3 |
| | | എസ്സി 80% | 2 |
| | | എസ്ടി 80% | 2 |
| | | ന്യൂനപക്ഷം 80% | 2 |
| | | തീരദേശം 80% | 2 |
| | | എസ്സി 75% | 1 |
| | | എസ്ടി - 75% | 1 |
| | | ന്യൂനപക്ഷം 75% | 1 |
| | | തീരദേശം 75% | 1 |
| 2. | 1) 100% സമ്പൂർണ്ണ അയൽക്കൂട്ട പ്രവേശനം പ്രഖ്യാപിച്ച സി.ഡി.എസ്സിന് | | 3 |
| | 2) 80% സമ്പൂർണ്ണ അയൽക്കൂട്ട പ്രവേശനം നേടിയ സി.ഡി.എസ്സിന് | | 2 |
| 3. | സ്പെഷ്യൽ അയൽക്കൂട്ടം (മാനസിക വെല്ലുവിളി) ഒരു അയൽക്കൂട്ടത്തിന് 1 മാർക്ക് വീതം പരമാവധി 3 മാർക്ക് | | പരമാവധി 3 മാർക്ക് |
| 4. | സ്പെഷ്യൽ അയൽക്കൂട്ടം (ശാരീരിക വെല്ലുവിളി) ഒരു അയൽക്കൂട്ടത്തിന് 1 മാർക്ക് വീതം പരമാവധി 3 മാർക്ക് | | പരമാവധി 3 മാർക്ക് |
| 5. | തോട്ടം തൊഴിലാളികളെ 75%ത്തിൽ കൂടുതൽ അയൽക്കൂട്ടത്തിൽ ഉൾപ്പെടുത്തിയ സി.ഡി.എസ്സുകൾക്ക് | | 3 |
| | തോട്ടം തൊഴിലാളികളെ 50-75% വരെ അയൽക്കൂട്ടത്തിൽ ഉൾപ്പെടുത്തിയ സി.ഡി.എസ്സുകൾക്ക് | | 2 |
| | തോട്ടം തൊഴിലാളികളെ 25%-50% വരെ അയൽക്കൂട്ടത്തിൽ ഉൾപ്പെടുത്തിയ സി.ഡി.എസ്സുകൾക്ക് | | 1 |
| 6. | 1. എൻ.എസ്.എ.പി പദ്ധതിയിൽ അർഹരായ എല്ലാ അംഗങ്ങളുടെയും അപേക്ഷ തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകി 90%-ൽ കൂടുതൽ പേർക്ക് പെൻഷൻ നേടാൻ സധിച്ച സിഡിഎസ്സിന് | | 3 |
| | 2. എൻ.എസ്.എ.പി പദ്ധതിയിൽ അർഹരായ എല്ലാ അംഗങ്ങളുടെയും അപേക്ഷ തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകി 75%-ൽ കൂടുതൽ പേർക്ക് പെൻഷൻ നേടാൻ സധിച്ച സിഡിഎസ്സിന് | | 2 |
| | 3. എൻ.എസ്.എ.പി പദ്ധതിയിൽ അർഹരായ എല്ലാ അംഗങ്ങളുടെയും അപേക്ഷ തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകി 50%-ൽ കൂടുതൽ പേർക്ക് പെൻഷൻ നേടാൻ സധിച്ച സിഡിഎസ്സിന് | | 1 |
| **ഗ്രേഡിംഗ് & ലിങ്കേജ്** | | | |
| 7. | അയൽക്കൂട്ടതലത്തിലെ മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളും, ലിങ്കേജ് വായ്പാ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നതിനും, 100% തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ രേഖകളും, രജിസ്റ്ററുകളും, മറ്റ് റെക്കോർഡുകളും സിഡിഎസ് തലത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിൽ | | 5 |
| 8. | 100% ബാങ്ക് ലിങ്കേജ് നടത്തിയ സിഡിഎസ്സിന് | | 8 |

| | | | |
|---|---|---|---|
| 9. | കഴിഞ്ഞ സാമ്പത്തിക വർഷം ഗ്രേഡ് ചെയ്തതിൽ ലിങ്കേജ് ചെയ്യാൻ ബാക്കിയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണത്തിനനുസൃതമായി | > 20% | 8 |
| | | > 35% | 6 |
| | | > 50% | 4 |
| | | > 75% | 2 |
| | 20% ൽ താഴെ ബാങ്ക് ലിങ്കേജ് നടത്തിയിട്ടുള്ള സി.ഡി.എസ്സിന് | | നെഗറ്റീവ് 1 മാർക്ക് |
| 10. | **ഓഡിറ്റിംഗ്** (തൻ സാമ്പത്തിക വർഷത്തെ അടിസ്ഥാന മാക്കിയും ആകെ അയൽക്കൂട്ട എണ്ണത്തിന് ആനുസൃതമായും) | അയൽക്കൂട്ടം > 90% | 6 |
| | | അയൽക്കൂട്ടം 75% > 89% | 5 മാർക്ക് |
| | | അയൽക്കൂട്ടം 65% > 74% | 2 മാർക്ക് |
| | | അയൽക്കൂട്ടം 60% > 64% | 2 മാർക്ക് |
| | ഓഡിറ്റിംഗ് (തൻ സാമ്പത്തിക വർഷത്തെ അടിസ്ഥാന മാക്കിയും ആകെ എഡിഎസ് എണ്ണത്തിന് ആനൂസൃതമായും) | എഡിഎസ് > 90% | 4 മാർക്ക് |
| | | എഡിഎസ് 75% > 89% | 3 മാർക്ക് |
| | | എഡിഎസ് 65% > 74% | 2 മാർക്ക് |
| | | എഡിഎസ് 60% > 64% | 1 മാർക്ക് |
| 11. | സി.ഡി.എസ് ഓഡിറ്റിംഗ് പൂർത്തിയായെങ്കിൽ | | 5 മാർക്ക് |
| 12. | എഡിഎസ്, സിഡിഎസ് തലത്തിൽ ഇന്റേണൽ ഓഡിറ്റിംഗ് നടന്നിട്ടുണ്ടെങ്കിൽ | | 5 മാർക്ക് |
| 13. | **രജിസ്ട്രേഷൻ** - സിഡിഎസിന്റെ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ മാത്രമേ അയൽക്കൂട്ട - എഡിഎസുകളുടെ അഫിലിയേഷൻ പരിഗണിക്കുകയുള്ളൂ | എഡിഎസ് 100% | 5 മാർക്ക് |
| | | എഡിഎസ് 80% | 4 മാർക്ക് |
| | | എഡിഎസ് 75% | 2 മാർക്ക് |
| 14. | സിഡിഎസ്, എഡിഎസ് മീറ്റിംഗ്, സബ്കമ്മറ്റി മീറ്റിംഗുകളുടെ എണ്ണം, പങ്കാളിത്തം, ഹാജർ | ഒരു മാസത്തിൽ കുറഞ്ഞത് 2 സിഡിഎസ് മീറ്റിംഗ്, 2 എഡിഎസ് മീറ്റിംഗുകൾ വീതം ചേരുകയും, തീരുമാനങ്ങൾ, നടപടിക്രമങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തകുയും, മിനിട്സിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും നൽകുകയും ചെയ്യുന്നുണ്ടെങ്കിൽ. | 4 മാർക്ക് |
| | | ഒരു മാസത്തിൽ ഒരു തവണയെങ്കിലും സിഡിഎസ്, എഡിഎസ് മീറ്റിംഗ് ചേർന്നി | നെഗറ്റീവ് 10 മാർക്ക് |

| | | | |
|---|---|---|---|
| | | ട്ടില്ലായെങ്കിൽ | |
| | | ഓരോ എഡിഎസ് , സിഡിഎസ് മീറ്റിംഗുകളിലേയും പങ്കാളിത്തം/ഹാജർ 100% | 5 |
| | | ഓരോ എഡിഎസ് / സിഡിഎസ് മീറ്റുംഗുകളിലേയും പങ്കാളിത്തം/ഹാജർ 80% | 3 |
| | | ഓരോ സിഡിഎസ്/ എഡിഎസ് മീറ്റുംഗുകളിലേയും പങ്കാളിത്തം/ഹാജർ 75% | 2 |
| 15. | 1) കഴിഞ്ഞ സാമ്പത്തിക വർഷം (2012-13) പഞ്ചായത്ത് വിലയിരുത്തൽ സമിതി 3-4 തവണ കൂടിയെങ്കിൽ | | 3 മാർക്ക് |
| | 2) കഴിഞ്ഞ സാമ്പത്തിക വർഷം (2012-13) പഞ്ചായത്ത് വിലയിരുത്തൽ സമിതി 1-2 തവണ കൂടിയെങ്കിൽ | | 2 മാർക്ക് |
| | 3) വിലയിരുത്തൽ സമിതി കൂടാത്ത സി.ഡി.എസ്സുകൾക്ക് | | നെഗറ്റീവ് 5 മാർക്ക് |
| 16. | സിഡിഎസിലെ എല്ലാ ഉപ സമിതികളുടേയും മീറ്റിംഗുകൾ മാസത്തിൽ 2 തവണയെങ്കിലും ചേരുന്നുണ്ടെങ്കിൽ- (മിനിസ്ട് ബുക്ക് പരിശോധനയുടെ അടിസ്ഥാനത്തിൽ). | | 5 മാർക്ക് |
| 17. | സിഡിഎസിന് ലഭിക്കുന്ന വാർഷിക വരിസംഖ്യയുടെ 25% തുക പ്രവർത്തന ഫണ്ടായി എഡിഎസുകൾക്ക് കൈമാറിയിട്ടില്ലെങ്കിൽ | | നെഗറ്റീവ് 5 മാർക്ക് |
| 18. | സിഡിഎസിന് ലഭിക്കുന്ന വാർഷിക വരിസംഖ്യയുടെ 25 ശതമാനത്തിൽ അധികം പ്രവർത്തന ഫണ്ടായി എഡിഎസുകൾക്ക് നൽകിയിട്ടുണ്ടെങ്കിൽ | | 5 മാർക്ക് |
| 19. | സർക്കാർ ഉത്തരവ് സ.ഉ നം. 4430/08 ത സ്വ ഭ വ 29-12-08 നിർണ്ണയിച്ചിരിക്കും പ്രകാരം വിലയിരുത്തൽ സമതി രൂപീകരിച്ച് പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ (ജില്ലാമിഷന്റെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ) | | 5 മാർക്ക് |
| 20. | <u>**സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങൾ**</u> | ആകെ അയൽക്കൂട്ട കുടുംബങ്ങളുടെ എണ്ണത്തിന്റെ 10% എങ്കിലും ആളുകൾ കുടുംബശ്രീയുടെയും, തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ വരുമാനദായക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ | 4 മാർക്ക് |
| | | അധികമുള്ള ഒരോ പത്ത് ശതമാനത്തിനും | 2 മാർക്ക് വീതം പരമാവധി 15 മാർക്ക് |
| 21. | <u>**സംഘ കൃഷി (ജെഎൽജി)**</u> | ആക്ഷൻ പ്ലാനിൽ നിർണ്ണയിച്ചിട്ടുള്ള ടാർജറ്റിന്റെ 100% കൈവരിച്ചാൽ | 10 |
| | | 80% കൈവരിച്ചാൽ | 8 |
| | | 70% കൈവരിച്ചാൽ | 7 |
| | | 60% കൈവരിച്ചാൽ | 6 |
| | | 50% കൈവരിച്ചാൽ | 5 |
| 22. | സി.ഡി.എസ്സിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ (എഫ്.എഫ്.സി) വന്നിട്ടുണ്ടെങ്കിൽ | | 5 |
| 23. | മാസ്റ്റേഴ്സ് ഫാർമേഴ്സിന്റെ പ്രവർത്നം ഫലപ്രദമായി പ്രയോജനപ്പെടുത്തി സംഘകൃഷി ഗ്രൂപ്പുകൾക്ക് സാമ്പത്തിക സഹായം കൃത്യമായി | | 5 |

| | | | |
|---|---|---|---|
| | ലഭ്യമാക്കുന്ന സിഡിഎസ് | | |
| 24. | **ബാങ്ക് ലിങ്കേജ് ചെയ്ത ജെഎൽജികൾ** | > 50% | 5 |
| | | 25% > 50% | 3 |
| | | 10% > 25% | 2 |
| | | 10% > 20% | 1 |
| 25. | ആക്ഷൻ പ്ലാൻ ലക്ഷ്യത്തിന് അനുസൃതമായി പലിശ സബ്സിഡി സ്കീം പ്രകാരമുള്ള വായ്പാ സഹായം ലഭ്യമാക്കിയ അയൽക്കൂട്ടങ്ങൾ | 76 % 100% | 10 |
| | | 60 % 75% | 8 |
| | | 50 % 59% | 5 |
| 26. | **വിപണി** | എല്ലാ മാസവും കുടുംബശ്രീ ചന്തകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിൽ | 5 |
| | | മൂന്നു മാസത്തിലൊരിക്കൽ ചന്ത സംഘടിപ്പിക്കുന്നുണ്ടെങ്കൽ | 3 |
| | | സ്വന്തമായി ചന്തയില്ല എങ്കിലും കുടുംബശ്രീ ഉൽപന്നങ്ങൾ മറ്റ് കുടുംബശ്രീ ചന്തയിലും, വിപണന മേളകളിലും എല്ലാമാസവും വിപണനത്തിനായി എത്തിക്കുന്നുണ്ടെങ്കിൽ (കുറഞ്ഞത് 5 സംരംഭകരുടെയെങ്കിലും പങ്കാളിത്തം നിർബന്ധം) | 2 |
| 27. | ബ്രാൻഡ് ചെയ്ത കുടുംബശ്രീ ഉൽപന്നങ്ങൾ ഉണ്ടെങ്കിൽ | | 4 |
| 28. | സംഘകൃഷി ഉൽപന്നങ്ങൾക്ക് സിഡിഎസ് പരിധിയിൽ പ്രത്യേക വിപണി ഉണ്ടെങ്കിൽ | | 3 |
| 29. | സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനായി വേറിട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ | | 3 |
| 30. | വിപണി വിപുലീകരിക്കുന്നതിനായി പ്രത്യേക ഇടപെടലുകൾ നടത്തിയിട്ടുണ്ടെങ്കിൽ | | 3 |
| 31. | സംരംഭകത്വം അയൽക്കൂട്ടതലത്തിൽ എത്തിക്കുന്നതിനായി പ്രത്യേക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ | | 3 |
| 32. | സിഡിഎസ് പ്രദേശത്ത് കുറഞ്ഞത് 10 ഹോം ഷോപ്പ് ആരംഭിച്ചിട്ടുണ്ടെങ്കിൽ | | 3 |
| 33. | **ബാലസഭ** | 1) മൂന്നു അയൽക്കൂട്ടത്തിന് ഒരു ബാലസഭ<br>2) ബാലപഞ്ചായത്ത്<br>3) ബാലസഭ പ്രവർത്തക സംഘം + സൗഹൃദ് സംഘം അല്ലെങ്കിൽ പുതുമയാർന്ന പ്രവർത്തന പരിപാടി | 10 |
| | | അല്ലെങ്കിൽ | |
| | | 1)എല്ലാ വാർഡിലും ശരാശരി 3 ബാലസഭ എങ്കിലും | 10 |

2) ബാലപഞ്ചായത്ത്
3)ബാലസഭ റിസോഴ്സ് ഗ്രൂപ്പ് അല്ലെ

| | | | | |
|---|---|---|---|---|
| | | ങ്കിൽ പുതുമയാർന്ന പ്രവർത്തനം | | |
| | | അല്ലെങ്കിൽ | | |
| | | സജീവമായ 25 ബാലസഭകൾ തനതായ പുതുമയാർന്ന പ്രവർത്തനം | | 10 |
| 34. | പഞ്ചായത്ത് പ്ലാൻഫണ്ട് ഉപയോഗിച്ച് അതത് സി.ഡി.എസ്സിൽ (പഠനയാത്ര/സന്ദർശനങ്ങൾ ഒഴികെ) ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ) | | | 2 |
| 35. | ജില്ലാതല സംസ്ഥാനതല നിർദ്ദേശാനുസരണം പ്രവർത്തനങ്ങൾ കാര്യക്ഷമമായി യഥാസമയം നടപ്പിലാക്കുന്നുണ്ടെങ്കിൽ | | | 2 |
| 36. | കുട്ടികൾക്കിടയിൽ ബാലസഭാ പ്രവർത്തനങ്ങൾ ചെലുത്തിയ സ്വാധീനം വഴിയായി കുട്ടികൾ പുതിയ പരിപാടികൾ മുന്നോട്ടു വച്ചിട്ടുണ്ടെങ്കിൽ | | | 2 |
| 37. | ബാലപാർലമെന്റ് നടത്തിയ സി.ഡി.എസ്സുകൾക്ക് | | | 2 |
| 38. | **നേതൃത്വ ശേഷി** | ത്രിതല സംഘടനാ സംവിധാനത്തിൽ നിന്ന് 10 ൽ കുറയാത്ത ആളുകൾ പഞ്ചായത്തിനു പുറത്തുള്ള കുടുംബശ്രീ പ്രവർത്തനങ്ങളിലോ, മറ്റ് പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളിലോ നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുന്നുണ്ടെങ്കിൽ | | 5 മാർക്ക് |
| 39. | **പദ്ധതി സംയോജനം** | സിഡിഎസ് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി സംരംഭം, സംഘകൃഷി, ബാലസഭ എന്നീ മൂന്ന് ഘടകങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ 75% എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ | | 10 |
| | | 50% സംയോജനം നടന്നിട്ടുണ്ടങ്കിൽ | | 7 |
| | | 25% സംയോജനം നടന്നിട്ടുണ്ടങ്കിൽ | | 5 |
| 40. | **സ്ത്രീപദവി സ്വയംപഠന** പരിപാടിയുമായി ബന്ധപ്പെട്ട് സ്ത്രീയും ആരോഗ്യവും, പാഠാവലി പഠനം, പുസ്തക യാത്ര പുസ്തക രചന, സിഡിഎസ് ജെണ്ടർ കോർണർ നടത്തിയ പ്രവർത്തനങ്ങൾ കൃത്യമായി സംഘടിപ്പിക്കുന്നതോടൊപ്പം തനത് നൂതന പ്രവർത്തനങ്ങൾ സി.ഡി.എസ് നടത്തുന്നുണ്ടെങ്കിൽ | | | 7 |
| 41. | പോർട്ടൽ സംവിധാനം ഫലപ്രദമായി സിഡിഎസ് അംഗങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ | | | 5 |
| 42. | സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി സി.ഡി.എസ് മുൻകൈയ്യെടുത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ | | | 5 |
| 43. | തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക കർമ്മപദ്ധതിയുടെ ഭാഗമായി കുടുംബശ്രീ സംഘടനാ സംവിധാനത്തി ലൂടെ നൂതനമായ വനിതാ ഘടക പദ്ധതി/ ദാരിദ്ര ലഘൂകരണ ഉപ- പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ | | | 4 |
| 44. | **വിവിധ കേന്ദ്രാവിഷ്കൃത – ഭവന നിർമ്മാണ പദ്ധതികളിലെ പങ്കാളിത്തം – (നഗരപ്രദേശങ്ങളിൽ)** | ഗുണഭോക്തൃ വിഹിത സമാഹരണം + കരാർ Execution + നിർമ്മാണം ആരംഭിച്ച ഭവനങ്ങൾ | 100% | 4 |
| | | | 85% | 3 |
| | | | 75% | 2 |
| | | നിർമ്മാണം പൂർത്തീക | 100% | 4 |

| | | | | |
|---|---|---|---|---|
| | | രിച്ച ഭവനങ്ങൾ | 85% | 3 |
| | | | 75% | 2 |
| | | പൂർത്തീകരിക്കാനെടുത്ത സമയം | 6 മാസം വരെ | 5 |
| | | | 6 മാസം മുതൽ 1 വർഷം വരെ | 4 |
| | | | 1 വർഷം മുതൽ 1 ½ വർഷം വരെ | 3 |
| | | | 1½ വർഷം മുതൽ 2 വർഷം വരെ | 1 |
| 45. | എസ്ജെഎസ്ആർവൈയുടെ ആക്ഷൻ പ്ലാൻ കൃത്യമായി നടപ്പാക്കിയ സിഡിഎസ്സുകൾക്ക് (നഗരം) | | | 2 |
| 46. | നൂതന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കിയ നഗരസഭാ സിഡിഎസ്സുകൾക്ക് | | | 10 |
| 47. | വിവിധ വർക്കിംഗ് ഗ്രൂപ്പുകളിലെ പങ്കാളിത്തം | | | 5 |
| 48. | **ആശ്രയ പദ്ധതി** | സിഡിഎസിന്റെ നേതൃത്വത്തിൽ ആശ്രയ സർവ്വേ നടത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ | | 4 |
| | | വിലയിരുത്തൽ സമിതിയിലും സിഡിഎസിലും ആശ്രയ പ്രോജക്ടിന്റെ നിർവ്വഹണം നിരന്തരം വിലയിരുത്തുന്നുണ്ടെങ്കിൽ | | 4 |
| | | ആശ്രയ - ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനങ്ങളുടെ ലഭ്യത അയൽക്കൂട്ടം, എഡിഎസ് വഴി നിരന്തരം വിലയിരുത്തുന്നുണ്ടെങ്കിൽ | | 4 |
| 49. | ആശ്രയ രണ്ടാംഘട്ട പ്രോജക്ട് ആരംഭിച്ച സി.ഡി.എസ്സുകൾക്ക് | | | 4 |
| 50. | എസ്.ജെ.എസ്.ആർ.വൈ ക്യാമ്പയിൻ പ്രവർത്തനവും ഫലപ്രദമായ ഫണ്ട് വിനിയോഗവും നടത്തിയിട്ടുള്ള സി.ഡി.എസ്സിന് | | | 2 മാർക്ക് |
| 51. | ആശ്രയ പദ്ധതി ഒന്നാം ഘട്ട പ്രോജക്ട് സമയപരിധിക്കുള്ളിൽ ചെലവും പ്രവർത്തനവും 100% നിർവ്വഹിച്ച സിഡിഎസ്സിന് | | | 4 മാർക്ക് |
| | ആശ്രയ പദ്ധതി ഒന്നാം ഘട്ട പ്രോജക്ട് സമയപരിധിക്കുള്ളിൽ ചെലവും പ്രവർത്തനവും 80% നിർവ്വഹിച്ച സിഡിഎസ്സിന് | | | 3 മാർക്ക് |
| | ആശ്രയ പദ്ധതി ഒന്നാം ഘട്ട പ്രോജക്ട് സമയപരിധിക്കുള്ളിൽ ചെലവും പ്രവർത്തനവും 50% നിർവ്വഹിച്ച സിഡിഎസ്സിന് | | | 2 മാർക്ക് |
| 52. | **ബഡ്സ് സ്കൂളുകൾ/പുനരധിവാസ കേന്ദ്രങ്ങൾ**/ഉപജീവന കേന്ദ്രങ്ങൾ തുടങ്ങിയ ഇന്നവേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ടെങ്കിൽ | | | 5 മാർക്ക് |

അനുബന്ധം 2

## മികച്ച കുടുംബശ്രീ സിഡിഎസ് തെരഞ്ഞെടുപ്പിനുള്ള അപേക്ഷാ ഫോറം

1) സിഡിഎസിന്റെ പേര് :

2) തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര്:

3) സിഡിഎസിന്റെ രജിസ്ട്രേഷൻ നമ്പർ :

4) ആകെ അയൽക്കൂട്ടങ്ങളുടെ എണ്ണം :

5) ആകെ എഡിഎസുകളുടെ എണ്ണം എത്ര?

6) ഭരണസമിതി അംഗങ്ങളുടെ എണ്ണം:

7) മികച്ച സിഡിഎസ് തെരഞ്ഞെടുപ്പിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിനും, അപേക്ഷാ ഫോറത്തിൽ ഉൾപ്പെടുത്തിയ വിശദാംശങ്ങൾ അംഗീകരിക്കുന്നതിനും വേണ്ടി ചേർന്ന സിഡിഎസ് എക്സിക്യൂട്ടീവ് കമ്മറ്റി യോഗത്തിന്റെ തീയതിയും തീരുമാന നമ്പറും :

### സിഡിഎസിന്റെ പ്രവർത്തന വിശാംശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തനം | വിശദാംശങ്ങൾ |
|---|---|---|
| 1. | **പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ അയൽക്കൂട്ട പ്രവേശനം:-**<br>a) തദ്ദേശ ഭരണ പ്രദേശത്തുള്ള ആകെ കുടുംബങ്ങളുടെ എണ്ണം | |
| | b) കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വമുള്ള കുടുംബങ്ങളുടെ എണ്ണം | |
| | c) തദ്ദേശ ഭരണ പ്രദേശത്തുള്ള ആകെ എസ്സി കുടുംബങ്ങളുടെ എണ്ണം | |
| | d) കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വമുള്ള എസ്സി കുടുംബങ്ങളുടെ എണ്ണം | |
| | f) തദ്ദേശ ഭരണ പ്രദേശത്തുള്ള ആകെ എസ്ടി കുടുംബങ്ങളുടെ എണ്ണം | |
| | g) കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വമുള്ള എസ്ടി കുടുംബങ്ങളുടെ എണ്ണം | |
| | i) തദ്ദേശ ഭരണ പ്രദേശത്തുള്ള ആകെ ന്യൂനപക്ഷ കുടുംബങ്ങ | |

| | | |
|---|---|---|
| | ളുടെ എണ്ണം | |
| | j) കുടുംബശ്രീ അംഗത്വമുള്ള ന്യൂനപക്ഷ അയൽക്കൂട്ടങ്ങളുടെ എണ്ണം | |
| | k) തദ്ദേശ ഭരണ പ്രദേശത്തുള്ള ആകെ തീരദേശം കുടുംബങ്ങളുടെ എണ്ണം | |
| | l) കുടുംബശ്രീ അംഗത്വമുള്ള തീരദേശ കുടുംബങ്ങളുടെ എണ്ണം | |
| | j) മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടത്തിന്റെ എണ്ണം | |
| | l) ശാരീരിക വെല്ലുവിളി നേരിടുന്നവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം | |
| | n) തദ്ദേശ ഭരണ പ്രദേശത്തുള്ള ആകെ തോട്ടംതൊഴി കുടുംബങ്ങളുടെ എണ്ണം? | |
| | o) കുടുംബശ്രീ അംഗത്വമുള്ള തോട്ടം തൊഴിലാളികളുടെ എണ്ണം. | |
| 2. | a) എൻ.എസ്.എ.പി പെൻഷൻ കിട്ടേണ്ടവരുടെ ലിസ്റ്റ് പഞ്ചായത്ത്/നഗരസഭാ സമിതിക്കു നൽകി പെൻഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | b) 2012-13 വർഷത്തിൽ പെൻഷൻ സംബന്ധിച്ച് എത്ര അപേക്ഷകൾ ലഭിച്ചു ? | |
| | c) 2012-13 വർഷത്തിൽ പെൻഷൻ സംബന്ധിച്ച് അപേക്ഷ നൽകിയവരിൽ എത്രപേർക്ക് പെൻഷൻ നൽകാൻ സാധിച്ചു? | |
| 3. | **ഗ്രേഡിംഗ് & ലിങ്കേജ്**<br>a)കഴിഞ്ഞ 2011-12 സാമ്പത്തിക വർഷം ലിങ്കേജ് ചെയ്യുവാൻ ബാക്കിയുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം എത്ര? | |
| | b) കഴിഞ്ഞ വർഷം ലിങ്കേജ് ചെയ്യുവാൻ ബാക്കിയുള്ളവയിൽ എത്രയെണ്ണം ഗ്രേഡ് ചെയ്തു. | |
| | c)അതിൽ ബാങ്ക് ലിങ്കേജ് ചെയ്ത അയൽക്കൂട്ടങ്ങളുടെ എണ്ണം എത്ര? | |
| 4. | ആക്ഷൻ പ്ലാൻ ലക്ഷ്യത്തിന് അനുസൃതമായി വായ്പാ സഹായം ലഭ്യമാക്കിയ അയൽക്കൂട്ടങ്ങളുടെ എണ്ണം | |
| 5. | അയൽക്കൂട്ടതലത്തിലെ മിതവ്യയ സമ്പാദ്യ വായ്പാ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ലിങ്കേജ് വായ്പാ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നതിനും, 100% തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനുമായി സിസിഡഎസ് തലത്തിൽ എന്തെങ്കിലും പ്രത്യേക രജിസ്റ്ററുകളോ, രേഖകളോ, മറ്റ് റെക്കോർഡുകളോ സൂക്ഷിക്കുന്നുണ്ടോ? (തിരിച്ചടവ്, ലിങ്കേജ് വായ്പ) എങ്കിൽ അവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുക | |
| 6. | 2012 - 13 സാമ്പത്തിക വർഷം സിഡിഎസിന് ലഭിച്ച ആകെ വാർഷിക വരിസംഖ്യ (അയൽക്കൂട്ട രജിസ്ട്രേഷൻ, അഫിലിയേഷൻ ഇനത്തിൽ) | |
| 7. | 2012 - 13 സാമ്പത്തിക വർഷികം എഡിഎസുകൾക്ക് പ്രവർത്തന ഫണ്ടായി നൽകിയ തുക | |
| 8. | **ഓഡിറ്റിംഗ്** | |

| | | |
|---|---|---|
| | | |
| | a) ഓഡിറ്റിംഗ് പൂർത്തീകരിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം എത്ര? | |
| | b) ഓഡിറ്റിംഗിനു വിധേയമാകേണ്ട എഡിഎസ്സുകളുടെ എണ്ണ എത്ര ? | |
| | c) ഓഡിറ്റിംഗ് പൂർത്തീകരിച്ച എഡിഎസുകളുടെ എണ്ണം എത്ര? | |
| | d) സിഡിഎസിന്റെ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | e) എ.ഡി.എസ് ഇന്റേണൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചി ട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | f) സി.ഡി.എസ് ഇന്റേണൽ ഓഡിറ്റിംഗ് പൂർത്തീകരിച്ചി ട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| 9. | **രജിസ്ട്രേഷൻ & അഫിലിയേഷൻ** | |
| | a)കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള അയൽക്കൂട്ടങ്ങളുടെ എണ്ണം എത്ര? | |
| | b)കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അഫിലിയേഷൻ പുതുക്കിയിട്ടുള്ള എഡിഎസുകളുടെ എണ്ണം എത്ര? | |
| 10. | **മീറ്റിംഗ് പങ്കാളിത്തം/ഹാജർ** | |
| | a)കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടന്ന ആകെ സിഡിഎസ് മീറ്റിംഗുകളുടെ എണ്ണം എത്ര? | |
| | b)ഓരോ മീറ്റിംഗിലേയും ശരാശരി ഹാജർ എത്ര? | |
| | c)കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടന്ന ആകെ എഡിഎസ് മീറ്റിംഗുകളുടെ എണ്ണം | |
| | d) ഓരോ എഡിഎസ് മീറ്റിംഗിലേയും ശരാശരി ഹാജർ | |
| | e)കഴിഞ്ഞ 2012-13 സാമ്പത്തിക വർഷത്തിൽ നടന്ന സബ്കമ്മറ്റി മീറ്റുകളുടെ എണ്ണം എത്ര? | |
| | | |
| | f)ഓരോ സബ്കമ്മറ്റി മീറ്റിംഗിലേയും ശരാശരി പങ്കാളിത്തം എത്ര? | |
| 11. | 2012-13 സാമ്പത്തിക വർഷം കുടുംബശ്രീയുടേയോ തദ്ദേശ ഭരണ സ്ഥാപനത്തിന്റേയോ വിവിധ പദ്ധതികളുടെ ഭാഗമായി തദ്ദേശഭരണ പ്രദേശത്ത് ആരംഭിച്ചിട്ടുള്ള സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങളുടെ എണ്ണം എത്ര? | |
| 12. | കഴിഞ്ഞ സാമ്പത്തിക വർഷം ചേർന്ന സിഡിഎസ് തല ഉപ സമിതി മീറ്റിംഗുകളുടെ എണ്ണം.- (ഓരോ വിഭാഗത്തിലുള്ള ഉപ സമിതി മീറ്റുകളുടെ എണ്ണം പ്രത്യേക രേഖപ്പെടുത്തണം) | |
| 13. | കഴിഞ്ഞ 2012-13 വർഷം കൂടിയ വിലയിരുത്തൽ സമിതികളുടെ എണ്ണം | |
| 14. | **സംഘകൃഷി** | |
| | a)2012 - 13 വർഷത്തെ സിഡിഎസ് ആക്ഷൻ പ്ലാൻ പ്രകാരം ഏത്ര ഏക്കർ സ്ഥലത്ത് സംഘകൃഷി ചെയ്യാൻ ലക്ഷ്യമിട്ടിരുന്നു | |

| | | |
|---|---|---|
| | b) 2012 - 13 സാമ്പത്തിക വർഷത്തിൽ എത്ര ഏക്കർ സ്ഥലത്ത് സംഘകൃഷി ചെയ്തിട്ടുണ്ട് | |
| | c) 2012 - 13 വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം സംഘകൃഷിക്കായി ഏത്ര ജെഎൽജി ആക്റ്റിവിറ്റി ഗ്രൂപ്പുകൾ രൂപീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു. | |
| | d) 2012 - 13 വർഷത്തിൽ സംഘകൃഷിക്കായി രൂപീകരിച്ച യഥാർത്ഥ ജെഎൽജി ആക്റ്റിവിറ്റി ഗ്രൂപ്പുകളുടെ എണ്ണം എത്ര? | |
| | e) സിഡിഎസ് പ്രദേശത്തുള്ള ആകെ കുടുംബശ്രീ ജെഎൽജികളുടെ എണ്ണം | |
| | f) ബാങ്ക് ലിങ്കേജ് ചെയ്ത ജെഎൽജി കളുടെ എണ്ണം. | |
| | g) എഫ്എഫ്സി രൂപീകരിച്ചിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | h) ഏരിയ ഇൻസെന്റീവ്/പ്രൊഡക്ഷൻ ഇൻസെന്റീവ് കിട്ടിയ ജെ.എൽ.ജി.കളുടെ എണ്ണം | |
| 15. | <u>വിപണി</u><br>a)എല്ലാ മാസവും കുടുംബശ്രീ മാസചന്തകൾ സംഘടിപ്പിക്കുന്നുണ്ടോ | ഉണ്ട്/ഇല്ല |
| | അല്ലെങ്കിൽ | |
| | b)മുന്ന് മാസത്തിലൊരിക്കലെങ്കിലും ചന്ത സംഘടിപ്പിക്കുന്നുണ്ടോ | ഉണ്ട്/ഇല്ല |
| | അല്ലെങ്കിൽ | |
| | c) മറ്റ് കുടുംബശ്രീ ചന്തകളിലും, വിപണ മേളകളിലും കുടുംബശ്രീ ഉൽപന്നങ്ങൾ എല്ലാ മാസവും വിപണനത്തിനായി എത്തിക്കുന്നുണ്ടോ? (കുറഞ്ഞത് 5 കുടുംബശ്രീ സംരംഭകരെങ്കിലും പങ്കെടുത്തിരിക്കണം)-<br>എങ്കിൽ പ്രസ്തുത സംരംഭകരുടെ പേരും, വിശദാംശങ്ങളും കൂടി എഴുതുക | |
| | d) കുടുംബശ്രീ സംരംഭ യൂണിറ്റുകൾ ബ്രാന്റ് ചെയ്ത ഉൽപന്നങ്ങൾ നിർമ്മിക്കുന്നുണ്ടോ?<br>എങ്കിൽ പ്രസ്തുത ഉൽപന്നങ്ങളുടെ പേരും, വിശദാംശങ്ങളും കൂടി എഴുതുക | |
| | e) സംഘകൃഷി ഉൽപന്നങ്ങൾക്ക് പ്രത്യേക വിപണ ലഭിക്കുന്നുണ്ടോ? | ഉണ്ട്/ഇല്ല |
| | f) ഏതെങ്കിലും വരുമാനദായക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ അംഗങ്ങളുടെ ആകെ എണ്ണം | |
| 16. | <u>ബാലസഭ</u><br>a) 3 അയൽക്കൂട്ടത്തിന് ഒരു ബാലസഭ വീതം നിലവിലുണ്ടോ? | ഉണ്ട്/ഇല്ല |
| | b) ബാലപഞ്ചായത്ത് നിലവിലുണ്ടോ? | ഉണ്ട്/ഇല്ല |
| | c) ബാല സഭ പ്രവർത്തക സംഘം + സുഹൃദ് സംഘം | ഉണ്ട്/ഇല്ല |

| | | |
|---|---|---|
| | പ്രവർത്തിക്കുന്നുണ്ടോ | |
| | d) ബാലസഭയുമായി ബന്ധപ്പെട്ട് സിഡിഎസിന്റെ നേതൃത്വത്തിൽ പുതുമയാർന്ന പരിപാടികൾ നടത്തിയിട്ടുണ്ടോ?<br>e) എങ്കിൽ അവയുടെ വിശദാംശങ്ങൾ കൂടി എഴുതുക | |
| | f) ഒരു വാർഡിലുള്ള ബാലസഭകളുടെ എണ്ണം എത്ര? | |
| | g) ബാലസഭ റിസോഴ്സ് ഗ്രൂപ്പ് നിലവിലുണ്ടോ? | ഉണ്ട്/ഇല്ല |
| | h) സജീവമായ ബാലസഭകളുടെ എണ്ണം എത്ര? | |
| | i) ബാലസഭയുമായി ബന്ധപ്പെട്ട് സിഡിഎസിന്റെ നേതൃത്വത്തിൽ പുതുമയാർന്ന പരിപാടികൾ നടത്തിയിട്ടുണ്ടോ?<br>j) എങ്കിൽ അവയുടെ വിശദാംശങ്ങൾ കൂടി എഴുതുക | |
| | k) പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് അതത് സിഡിഎസുകളിൽ നടത്തിവരുന്ന ബാലസഭ പരിപാടികൾ ഏവ? | |
| | l) ജില്ല തല, സംസ്ഥാന തല നിർദ്ദേശാനുസരണം നടത്തിവരുന്ന പരിപാടികളുടെ വിശദാംശങ്ങൾ ? | |
| | m) കുട്ടികൾക്കിടയിൽ ബാലസഭ പ്രവർത്തനം ചെലുത്തിയ സ്വാധീനം മാറ്റങ്ങൾ / പുരോഗതികൾ വിശദാംശങ്ങൾ ? | |
| | n) ബാലപാർലമെന്റ് നടത്തിയിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| 17. | <u>നേതൃത്വ ശേഷി</u><br>a) സിഡിഎസ്/എഡിഎസ്/അയൽക്കൂട്ട സംവിധാനത്തിൽ നിന്നും 10 ൽ കുറയാത്ത ആളുകൾ പഞ്ചായത്തിനു പുറത്തുള്ള കുടുംബശ്രീ പ്രവർത്തനങ്ങളിലോ, മറ്റ് പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളിലോ നേതൃത്വപരമായ പങ്ക് നിർവ്വഹിക്കുന്നുണ്ടോ ? | ഉണ്ട്/ഇല്ല |
| | b) എങ്കിൽ അവരുടെ പേരും, വിശദാംശങ്ങൾ രേഖപ്പെടുത്തുക | |
| 18. | സിഡിഎസിന്റെ നേതൃത്വത്തിൽ സ്ത്രീശാക്തീകരണ മേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന നൂതനമായ പദ്ധതികൾ / പരിപാടികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ എഴുതുക | |
| | a) സ്ത്രീസ്വയം പഠന പരിപാടിയുമായി ബന്ധപ്പെട്ട സ്ത്രീയും ആരോഗ്യവും എന്ന മേഖലയിൽ നടത്തിയ പ്രത്യേക പരിപാടികൾ ഏവ? | |
| | b) സ്ത്രീപദവിസ്വയം പഠന പദവി പഠന വിധേയമായ ശേഷം പുതുതായി സി.ഡി.എസ് ആവിഷ്കരിച്ച പ്രവർത്തനങ്ങൾ ഏവ? | |
| | c) സ്ത്രീ പദവി സ്വയം പഠന പരിപാടിയുമായി ബന്ധപ്പെട്ട് സിഡിഎസ് ഏറ്റെടുത്ത് നടത്തുന്ന നൂതന പരിപാടികൾ ഏവ? | |
| | d) സ്ത്രീ ശക്തി പോർട്ടൽ പരിശീലനം ലഭിച്ചവർ എത്ര? | |
| | e) പോർട്ടലിന്റെ എല്ലാം സംവിധാനങ്ങൾ സി.ഡി.എസ് ഫലപ്രദമായി ഉപയോഗിക്കുന്നു? | |

| | | |
|---|---|---|
| | f) സി.ഡി.എസ്സിൽ നിന്നും പോർട്ടൽ ഉപയോഗിക്കുന്നവരുടെ എണ്ണം എത്ര? | |
| | g) നിർഭയ സംബന്ധിച്ച പരിശീലനത്തിന്റെയും ക്രൈം മാപ്പിംഗിന്റേയും വിശദവിവരങ്ങൾ എത്ര? | |
| | h) മേൽപറഞ്ഞ പരിപാടികളുടെ ഫലമായി സിഡിഎസ്സുകൾക്ക് ലഭിച്ച പ്രധാന നേട്ടങ്ങൾ ഏവ? | |
| | i) എത്ര ജെൻഡർ ആർപിമാർ ഉണ്ട്? | |
| | j) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ പരിഹരിക്കാൻ സിഡിഎസ് എടുത്ത നടപടികൾ എന്തൊക്കെ? | |
| | k) പോർട്ടലിൽ സംവാദ വേദിയിൽ ആകെ ഉൾപ്പെടുത്തിയ പോസ്റ്റുകളുടെ എണ്ണം (സി.ഡി.എസ് അംഗങ്ങൾ, അക്കൗണ്ടന്റ്മാർ, അയൽക്കൂട്ടാംഗങ്ങൾ എന്നിവരുടെ പോസ്റ്റുകളും പരിഗണിക്കാവുന്നതാണ്.) | |
| 19. | **<u>വിവിധ കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതികളിലെ പങ്കാളിത്തം (നഗര സിഡിഎസുകൾക്കുമാത്രം)</u>**<br>a)വിവിധ കേന്ദ്രാവിഷ്കൃത - ഭവന നിർമ്മാണ പദ്ധതി പ്രകാരമുള്ള ആകെ ഗുണഭോക്താക്കളുടെ എണ്ണം എത്ര? | |
| | b)പദ്ധതികൾ പ്രകാരം നിർമ്മിക്കേണ്ട ആകെ ഭവനങ്ങളുടെ എണ്ണം എത്ര? | |
| | c)ഗുണഭോക്തൃവിഹിതമായി സമാഹരിക്കേണ്ട ആകെ തുക എത്ര? | |
| | d)ഗുണഭോക്തൃവിഹിതമായി യഥാർത്ഥത്തിൽ സമാഹരിച്ച തുക എത്ര? | |
| | e)എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്ര? | |
| | f)നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങളുടെ എണ്ണം എത്ര? | |
| | g)പൂർത്തീകരിക്കാനെടുത്ത ശരാശരി കാലയളവ് (മാസത്തിലോ, വർഷത്തിലോ രേഖപ്പെടുത്തുക) | |
| 20. | വിവിധ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉൾപ്പെട്ടിട്ടുള്ള സിഡിഎസ് പ്രതിനിധികളുടെ പേരും, വിശദാംശങ്ങളും രേഖപ്പെടുത്തുക ഏതൊക്കെ വർക്കിംഗ് ഗ്രൂപ്പുകളിലാണ് ഇവർ ഉൾപ്പെട്ടിട്ടുള്ള തെന്നും എഴുതുക | |
| 21. | എസ്ജെഎസ്ആർവൈ ക്യാമ്പെയിൻ പ്രവർത്തനവും ഫലപ്രദമായ ഫണ്ട് വിനിയോഗവും നടത്താറുണ്ടോ? വിശദമാക്കുക. | |
| 22. | **<u>ആശ്രയ</u>**<br>a)സിഡിഎസിന്റെ നേതൃത്വത്തിൽ ആശ്രയ സർവ്വേ നടത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | b)വിലയിരുത്തൽ സമിതിയും, സിഡിഎസും ആശ്രയ പ്രോജക്ടിന്റെ നിർവ്വഹണം നിരന്തരം വിലയിരുത്തുന്നുണ്ടോ? | ഉണ്ട്/ഇല്ല |

| | | |
|---|---|---|
| | c)ആശ്രയ - ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട സേവനങ്ങളുടെ ലഭ്യത അയൽക്കൂട്ടങ്ങളും, എഡിഎസും നിരന്തരം വിലയിരുത്തുന്നുണ്ടോ | ഉണ്ട്/ഇല്ല |
| | d)ആശ്രയ ഒന്നാം ഘട്ട പ്രോജക്റ്റ് അംഗീകരിച്ചു കിട്ടിയ തീയതി | |
| | 1) ആശ്രയ ഒന്നാം ഘട്ട പദ്ധതി നിർവ്വഹണ ചെലവ് (31/3/2013 വരെ) | |

| ക്രമ നം. | ഇനം | അനുവദിച്ച തുക | ചെലവഴിച്ച തുക | % | |
|---|---|---|---|---|---|
| 1 | ചലഞ്ച് ഫണ്ട് | | | | |
| 2 | പ്ലാൻ ഫണ്ട് | | | | |
| 3 | മറ്റു ഫണ്ടുകൾ | | | | |

| | | |
|---|---|---|
| | ആശ്രയ രണ്ടാം ഘട്ട പ്രോജക്റ്റ് ആരംഭിച്ചിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | 100% ശാരീരിക വൈകല്യമുള്ളവരുടെ അയൽക്കൂട്ട പ്രവേശനം സാധ്യമായോ? | കഴിഞ്ഞു/കഴിഞ്ഞില്ല/ഭാഗികം |
| | 100% മാനസീക വൈകല്യമുള്ളവരുടെ അയൽക്കൂട്ട പ്രവേശനം സാധ്യമായോ? | കഴിഞ്ഞു/കഴിഞ്ഞില്ല/ഭാഗികം |
| | എസ്ടി ആശ്രയ രൂപീകരിച്ചിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| 23. | <u>തൊഴിലുറപ്പ് പദ്ധതി</u><br>a)തൊഴിൽകാർഡ് ലഭിച്ച അയൽക്കൂട്ട കുടുംബങ്ങളുടെ എണ്ണം എത്ര? | |
| | b)തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തി സംഘകൃഷി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ? | ഉണ്ട്/ഇല്ല |
| | c)മേറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണോ? | അതെ/അല്ല |
| 24. | ബഡ്സ് ഉപജീവന കേന്ദ്രങ്ങൾ എത്ര? | |
| | ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ എത്ര? | |
| | എത്ര ബഡ്സ് സ്കൂൾ ഉണ്ട്? | |
| | എസ്ടി മേഖലയിൽ ഉപജീവന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ വിശമാക്കുക. | |
| 25. | സമഗ്ര പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾ | |

| | | |
|---|---|---|
| | സംരംഭങ്ങളെക്കുറിച്ച് അംഗങ്ങൾക്കുള്ള അവബോധം | |
| | സംരംഭകത്വം അയൽക്കൂട്ടതലത്തിൽ എത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ | |
| | സംരംഭങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനുവേണ്ടി നടത്തിയ പ്രത്യേക ഇടപെടലുകൾ | |
| | പുതുതായി സമഗ്ര പദ്ധതിയിൽ എത്ര അംഗങ്ങൾ കൂടി ഭാഗമായി | |
| 26. | സി.ഡി.എസ് ആക്ഷൻപ്ലാൻ തയ്യാറാക്കിയോ? | ഉണ്ട്/ഇല്ല |
| 27. | ആക്ഷൻപ്ലാനിൽ കണ്ടെത്തിയ അവശ്യഘടകങ്ങളിൽ 25-50% നടപ്പിലാക്കാൻ കഴിഞ്ഞോ? | ഉണ്ട്/ഇല്ല |
| 28. | ആക്ഷൻപ്ലാനിൽ 50% ൽ കൂടുതൽ നടപ്പിലാക്കാൻ കഴിഞ്ഞോ? | ഉണ്ട്/ഇല്ല |
| 29. | കൃത്യമായ എം.ഐ.എസ് നാളതീകരണം സി.ഡി.എസ് തലത്തിൽ നടക്കുന്നുണ്ടോ? (ആഴ്ചതോറും/മാസംതോറും) | ഉണ്ട്/ഇല്ല |
| 30. | എ. കുടുംബശ്രീ പ്രവർത്തനങ്ങളെ സംബന്ധിച്ച് മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വാർത്തകൾ, ഫീച്ചറുകൾ, വീഡിയോ ക്ലിപ്പിംഗുകൾ തുടങ്ങിയവ ഡോക്യുമെന്റ് ചെയ്യാറുണ്ടോ? | ഉണ്ട്/ഇല്ല |
| 31. | ബി. നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വീഡിയോ ഡോക്യുമെന്ററി/സുവനീർ/പ്രത്യേക വാർത്താപത്രിക/മറ്റുപ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ? | ഉണ്ട്/ഇല്ല |

തീയതി
സ്ഥലം

സിഡിഎസ് ചെയർപേഴ്സന്റെ പേരും ഒപ്പും

(ഓഫീസ് മുദ്ര)

## Peer group മീറ്റിംഗ് - പ്രത്യേക വിലയിരുത്തൽ ഫോറം

| ക്രമ നമ്പർ | സിഡിഎസിന്റെ പേര് | സിഡിഎസ് അവതരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധേയമെന്ന് ബോധ്യപ്പെട്ട 5 പ്രധാന പ്രവർത്തനങ്ങൾ | മാർക്ക് (ഒരോ പ്രവർത്തനത്തിനും 5 മാർക്ക് വീതം പരമാവധി 25 മാർക്ക് വരെ) |
|---|---|---|---|
| 1. | | a)<br>b)<br>c)<br>d)<br>e) | |
| 2. | | a)<br>b)<br>c)<br>d)<br>e) | |

പിയർ ഗ്രൂപ്പ് അംഗങ്ങളുടെ പേരും ഒപ്പും

1. 4. 7.

3; 5. 8.

3. 6.

പിയർ ഗ്രൂപ്പ് പ്രതിനിധിയുടെ പേരും, ഒപ്പും

23/5/13

**അനുബന്ധം 4**

ജില്ലാ തല അവാർഡ് നിർണ്ണയ സമിതിക്ക് നൽകേണ്ട മാർക്ക് ഷീറ്റിന്റെ മാതൃക

| ക്രമ നമ്പർ | ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട സിഡിഎസിന്റെ പേര് | അപേക്ഷാ ഫോറത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ജില്ലാമിഷൻ നിർണ്ണയിച്ചു നൽകിയ പ്രാഥമിക മാർക്ക് | Peer group – മീറ്റിംഗിന്റെ വിലയിരുത്തൽ പ്രകാരം ലഭിച്ച മാർക്ക് | ആകെ മാർക്ക് | റിമാർക്സ് |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |

ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ പേരും,

ഒപ്പും

ഓഫീസ് മുദ്ര